April 30, 2011 VOL - 1, ISSUE - 1

# Kerala Tax News

Monthly Tax Magazine of All Kerala Income Tax & Sales Tax Practitioners' Association

**KTN EDITORIAL BOARD**

*Chief Editor*

**K.N. VALSAN**
(Alappuzha)

*Executive Editor*

**P.A. BALAKRISHNAN**
(Ernakulam)

*Associate Editor*

**P.H. MOHAMMED AKBAR**
(Ernakulam)

*Ex-officio Members*

**M. UMMER SHEREEF**
(State General Secretary, TVM)

**D. VENUGOPAL**
(State Treasurer, Alappuzha)

*Members*

**A.M. REMESH KUMAR**
(Tripunithura, Ernakulam)

**NINAN K. VARGHESE**
(Mavelikkara, Alappuzha)

**S. GANESH KUMAR**
(Balaramapuram, Trivandrium)

**C. MUHAMMED FAIZAL**
(Kannur)

**KRISHNA KUMAR B.**
(Moovattupuzha, Ernakulam)

## എഡിറ്റേഴ്സ് കോളം

## കുമിളി വാണിജ്യ നികുതി ചെക്ക്പോസ്റ്റ് അഴിമതി വിമുക്ത മാക്കുക

ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ സ്വപ്നപദ്ധതിയായിരുന്നു കേരളത്തിലെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ നവീകരണവും അഴിമതി രഹിത സുതാര്യ ചെക്ക്പോസ്റ്റുകളാക്കി മാറ്റുക എന്നതും. ആ പദ്ധതിയുടെ ഭാഗമായി വാളയാർ ചെക്ക്പോസ്റ്റിനെഒരു പരിധിവരെ അഴിമതി വിമുക്തവും ചരക്കുകളുടെ ക്ലിയറൻസിൽ സുതാര്യതയും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കേരളത്തിലെ ഇതര ചെക്ക് പോസ്റ്റുകൾ കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും പാതയിൽ നിന്ന് വിമുക്തമാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇന്നത്തെ കുമിളി ചെക്ക് പോസ്റ്റിന്റെ അവസ്ഥ. തമിഴ്നാട്ടിൽ നിന്നുമുള്ള നികുതി ബാധ്യതയില്ലാത്ത പുഷ്പങ്ങൾ കയറ്റിയ വാഹനങ്ങൾ പോലും കുമിളി ചെക്ക്പോസ്റ്റിൽ തടയപ്പെടുന്നു. ചരക്ക് വാഹനങ്ങളിൽ സൂക്ഷിക്കേണ്ട എല്ലാവിധ രേഖകളും പിഴവുകളില്ലാത്തവ ആണെങ്കിൽ പോലും കുമിളി ചെക്ക് പോസ്റ്റ് കടന്നു പോരുക എന്നത് ദുഷ്കരമായിരിക്കുന്നു.

MRP മുദ്രണം ചെയ്തിട്ടുള്ള ചരക്കുകൾ MRP യുടെ 70% ൽ കുറയാത്ത വില വാങ്ങൽ ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അവയ്ക്ക് സെക്യൂരിറ്റി ഡിപ്പോസിറ്റ് നൽകിയാൽ മാത്രമേ കുമിളി ചെക്ക് പോസ്റ്റ് കടന്നു പോരുവാൻ സാധിക്കുകയുള്ളു. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുത്തുന്ന ചരക്കുകളിൽ മുദ്രണം ചെയ്യപ്പെട്ടിട്ടുള്ള MRP മാർക്കറ്റിലെ വിലയുമായിട്ട് യാതൊരു ബന്ധവും ഇല്ല എന്നുള്ളത് കേരളത്തിലെ സാമാന്യ ജനങ്ങൾക്കെല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. ഇത്തരം സാഹചര്യങ്ങളിൽ മാർക്കറ്റ് വിലയുമായി ബന്ധമില്ലാത്ത MRP യുടെ 70% വില രേഖപ്പെടുത്തിയാൽ മാത്രമേ ചരക്ക് കുമിളി ചെക്ക് പോസ്റ്റ് കടന്നുപോരുകയുള്ളൂ എന്നത് ഏത് നിയമപ്രകാരമാണ് എന്നത് ബന്ധപ്പെട്ട അധികാരികൾ വെളിപ്പെടുത്തണം മൂല്യ വർദ്ധിതനികുതി നിയമത്തിൽ ഇല്ലാത്ത നിയമങ്ങൾ വ്യാപരികളുടെമേൽ അടിച്ചേൽപ്പിക്കുന്ന പ്രവണത വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ വ്യാപകമായ അഴിമതിയ്ക്ക് പ്രേരണയാകുന്നു.

അന്യ സംസ്ഥാനങ്ങളിൽനിന്ന് നിയമ വിധേയമായി കേരളാചെക്ക്പോസ്റ്റുകൾ കടന്നുവരുന്ന ചരക്കുകൾ അനാവശ്യവും യുക്തിരഹിതവും നിയമവിരുദ്ധവുമായ ന്യായങ്ങൾ ഉന്നയിച്ച് തടയപ്പെടുന്നത് വ്യാപാരി സമൂഹത്തിന് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന ഒന്നാണ്. ഇത്തരത്തിലുള്ള പ്രവണത അവസാനിപ്പിയ്ക്കുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെയും വാണിജ്യ നികുതി കമ്മീഷണറുടെയും ഗൗരവപൂർണ്ണമായ നിരീക്ഷണം വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തിൽ തുടർച്ചയായി ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.

**R.S. GAVAI**



Kerala Raj Bhavan
Thiruvananthapuram
Pin : 695 099

06 April 2011

## MESSAGE

I am happy to know that the All Kerala Income Tax and Sales Tax Practitioners' Association has celebrated the Tax Practitioners' Day at Ernakulam on 20th March 2011.


It is commendable that a Seminar was held on the topic "State and Central Budget 2011 - 12" and a Special News Bulletin will be brought out in this connection.

I wish the venture all success.

**[R.S. Gavai]**

**V.S. ACHUTHANANDAN**
**CHIEF MINISTER OF KERALA**

Phone
Office : 233812
233682
Fax : 0471 - 2333489



## MESSAGE

23.04.2011

I am happy to know that All Kerala Income Tax and Sales Tax Practitioners Association is bringing out a special News Bulletin in connection with Tax Practitioners Day.

Wish you all success.


V.S. Achuthanandan

Secretariat, Thiruvananthapuram - 695 001

**JOSE THETTAYIL**
**MINISTER FOR TRANSPORT**

South Block
Ist Floor
Government Secretariat
Thiruvananthapuram

Phone: Office : 0471 - 2335866
0471 - 2333160
Mobile : 9447753300



17.03.2011

# സന്ദേശം

ആൾ കേരള ഇൻകം ടാക്സ് ആന്റ് സെയിൽസ് ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാഘോഷം വിവിധ പരിപാടികളോടെ 2011 മാർച്ച് 20-ാം തീയതി എറണാകുളം സെന്റ് ആൽബർട്സ് കോളേജ് ആഡിറ്റോറിയത്തിൽവച്ച് നടക്കുന്നു എന്ന് അറിയുന്നതിൽ സന്തോഷമുണ്ട്.


ഇത് സംബന്ധിച്ച് നടത്തുവാനുദ്ദേശിക്കുന്ന കേന്ദ്ര സംസ്ഥാന ബജറ്റിനെക്കുറിച്ചുള്ള സെമിനാർ സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധ്യമാകുന്നവിധത്തിൽ ഗുണപ്രദമാകുമെന്ന് വിശ്വസിക്കുന്നു.

ടാക്സ് പ്രാക്ടീണേഴ്സ് ദിനാഘോഷ പരിപാടികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

ജോസ് തെറ്റയിൽ

**ഉമ്മൻ ചാണ്ടി**
പ്രതിപക്ഷ നേതാവ്
കേരളം



14.03.2011

## സന്ദേശം

ആൾ കേരള ഇൻകംടാക്സ് ആന്റ് സെയിൽസ് ടാക്സ് പ്രാക്ടീഷനേഴ്സ് അസോസിയേഷന്റെ സംസ്ഥാനതല ദിനാഘോഷത്തോടനുബന്ധിച്ച് 2011 മാർച്ച് 20ന് എറണാകുളത്ത് നടക്കുന്ന വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന ഓരോരുത്തരേയും അഭിനന്ദിക്കുന്നു.

കേന്ദ്ര ബജറ്റ് ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് നടക്കുന്ന സെമിനാറുകളും ചർച്ചകളും ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വളരെയേറെ ഗുണകരമാകുമെന്ന് പ്രത്യാശിക്കുന്നു.

സംസ്ഥാന ദിനാഘോഷ പരിപാടികൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഉമ്മൻ ചാണ്ടി

ഓഫീസ് : കന്റോൺമെന്റ് ഹൗസ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം – 695 033
ഫോൺ : (0471) 2318330, 2315625 ഫാക്സ് : (0471) 2315625
വസതി : (0471) 2342602, (0481) 2351135

**SUMAN BILLA IAS**



XXXV
NATIONAL GAMES
KERALA
"together in sport"

19.03.2011

## MESSAGE

I am happy to know that all Kerala Income Tax and Sales Tax Practioners Association is conducting Tax Practitioners Day Celebration and Seminar on Central and State Budgets 2011 - 2012 on 20.03.2011 at St. Albert's College Auditorium, Ernakulam.


I am unable to attend it as I have another important engagement in Trivandrum on the same day.

I wish the event all sucess.

**(Suman Billa)**

Phone - Office : 0471 - 2321252 Fax : 0471 - 2335427 e-mail: commissioner@keralataxes.gov.in
Commissioner of Commercial Taxes, Government of Kerala, Thiruvananthapuram - 695 033

**TONY CHAMMANY**
MAYOR
CORPORATION OF COCHIN



Office :
P.B. No. 1016, Cochin - 11
Kerala, India.
E-mail: cochinmayor@gmail.com
tonychammany@gmail.com

Phone : 91-484-2369007
2353728
Fax : 91-484-2369023

Date : 14.03.2011

## സന്ദേശം

ആൾ കേരള ഇൻകംടാക്സ് ആന്റ് സെയിൽസ് ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷന്റെ സംസ്ഥാനതല ദിനാഘോഷം വിവിധ പരിപാടികളോടെ 2011 മാർച്ച് 20 ഞായറാഴ്ച എറണാകുളം സെന്റ് ആൽബർട്സ് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് നടക്കുന്നു എന്ന് അറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു.

ഇതിനോടൊപ്പം നടത്തുവാൻ ഉദ്ദേശിക്കുന്ന കേന്ദ്ര സംസ്ഥാന ബജറ്റിനെക്കുറിച്ചുള്ള സെമിനാർ സാധാരണക്കാർക്ക് മനസ്സിലാക്കുവാൻ സാധ്യമാകുന്ന വിധത്തിൽ ഗുണപ്രദമാകട്ടെയെന്ന് പ്രത്യാശിക്കുന്നു.

ടാകാസ് പ്രാക്ടീഷണേഴ്സ് ദിനാഘോഷ പരിപാടികൾക്ക് എല്ലാവിധ ആശംസകൾ നേരുന്നു.

**ടോണി ചമ്മണി**
മേയർ

**V.D. SATHEESAN**
(PARAVUR)

MEMBER
KERALA LEGISLATIVE ASSEMBLY

DEVARAGAM
KESARI JN.
NORTH PARAVUR
PIN - 683 513

PHONE :
RES : 0484 - 2449500
OFFICE : 0471 - 2512275
E-mail : vdsatheesan@niyamasabha.org
vdsatheesanmla@rediffmail.com
vdsatheesan@gmail.com

Camp : Paravur

Date : 18.03.2011



# സന്ദേശം

ആൾ കേരള ഇൻകം ടാക്സ് ആന്റ് സെയിൽസ് ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷന്റെ സംസ്ഥാനതല ദിനാഘോഷത്തോടനുബന്ധിച്ച് 2011 മാർച്ച് 20ന് എറണാകുളത്ത് നടക്കുന്ന ചടങ്ങിൽ പങ്കെടുക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു.


എന്നാൽ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചതിനെതുടർന്ന് ഉണ്ടായ ഒഴിവാക്കാൻ പറ്റാത്ത പരിപാടികളിൽ പങ്കെടുക്കേണ്ടതുകൊണ്ട് ചടങ്ങിനെത്താൻ കഴിയില്ല എന്ന് ഖേദപൂർവ്വം അറിയിക്കുന്നു.

പരിപാടിക്ക് എല്ലാ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

വി.ഡി. സതീശൻ

**N.C. CHACKO**
Deputy Commissioner
Commercial Taxes Department
Ernakulam



## MESSAGE

It is great pleasure to know that All Kerala Income Tax and Sales Tax Practitioners Association is celebrating Tax Practitioners day and also conducting Seminar on Central and State budgets 2011 - 12 on 20th March 2011 at St. Albert's College Auditorium, Ernakulam.

I take this opportunity to acknowledge the wholehearted support and co-operation extended by the members of your organization in the successful implementation of the e-Governance programme of the Kerala Commercial Taxes Department.

I extent my best wished for the all round success of the mega event.

Thevara
20-03-2011

**N.C. Chacko**

DEPUTY COMMISSIONER,
COMMERCIAL TAXES,
ERNAKULAM, KOCHI-15



# *Our President Writes....*

### ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാഘോഷം 2011

## ചരിത്രവിജയമാക്കിത്തീർത്ത എല്ലാ അംഗങ്ങൾക്കും നന്ദി

പ്രിയ സുഹൃത്തുക്കളെ,

20.03.2011-ൽ എറണാകുളം സെന്റ് ആൽബർട്സ് കോളേജ് ഓഡിറ്റോറിയത്തിൽ (പാപ്പാളി ഹാൾ)വച്ച് നടത്തിയ ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാഘോഷത്തിൽ പങ്കെടുത്ത കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള എല്ലാ സഹപ്രവർത്തകർക്കും മാന്യ അതിഥികൾക്കും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. നമ്മൾ പ്രതീക്ഷിച്ചതിൽ കൂടുതൽ ആളുകൾ പങ്കെടുത്തു എന്നുള്ളത് ഏറെ സന്തോഷം നൽകുന്ന ഒരു വസ്തുതയാണ്. വന്നുചേരാൻ പറ്റാത്ത മാന്യ അതിഥികൾ ആശംസകൾ അയച്ചുതന്നിട്ടുണ്ട്. അവർക്ക് പ്രത്യേകം നന്ദി പറയുന്നു. ചടങ്ങുകൾ നടത്തുവാൻവേണ്ടി ഹാൾ വിട്ടുതന്ന സെന്റ് ആൽബർട്സ് കോളേജ് അധികൃതർക്കും പ്രിൻസിപ്പാളിനും കൊമേഴ്സ് പ്രൊഫസർക്കും പ്രത്യേകമായി നന്ദി പ്രകാശിപ്പിക്കുന്നു.

2011-ലെ ടാക്സ് പ്രാക്ടീഷണേഴ്സ് ഡേ ഇത്രയും ഗംഭീരമാക്കുവാൻ സാധിച്ചത് എറണാകുളം ജില്ലക്കാരുടെ അക്ഷീണമായ പ്രവർത്തനംകൊണ്ടാണ്. അവർക്കെല്ലാവർക്കും എന്റെ അകൈതവമായ നന്ദിരേഖപ്പെടുത്തുന്നു.

ആഘോഷം നടത്താതിരിക്കാൻവേണ്ടി ഒരു കൂട്ടം ദുഷ്ട ശക്തികൾ പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും ചടങ്ങുകൾ വിജയപ്രദമാക്കുവാൻ സാധിച്ചത് അംഗങ്ങളുടെ ഒത്തൊരുമിച്ചുള്ള സഹകരണം കൊണ്ടുമാത്രമാണ്. ഈ സംഭവത്തോടുകൂടി നമ്മുടെ ഐക്യദാർഢ്യം ഒന്നുകൂടി ബലപ്പെടുത്തിയിരിക്കുന്നു. വരുന്നതൊക്കെ നല്ലതിനാണെന്നാണല്ലോ നമ്മുടെ ആപ്തവാക്യം. ത്രേതായുഗത്തിലും ദ്വാപരയുഗത്തിലും മഹർഷിമാർ യാഗം നടത്തുമ്പോൾ, യാഗം മുടക്കാനായി അസുരന്മാർ പല ആഭിചാര കൃത്യങ്ങളും നടത്താറുണ്ട്. ഇപ്പോൾ നാം ജീവിക്കുന്നത് കലിയുഗത്തിലാണ്. കലിയുഗത്തിലെ അസുരന്മാർ യോഗം മുടക്കുവാൻ ആഭിചാരകൃത്യങ്ങൾ പ്രയോഗിക്കുവാൻ തുടങ്ങിയിരിക്കുന്നു.

സുഹൃത്തുക്കളെ നമ്മൾ ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ ഇനിയും വലിയ വലിയ കാര്യങ്ങൾ ചെയ്യാൻ നമുക്ക് സാധിക്കും. വരുന്ന വർഷം മാർച്ച് ഇരുപതിന് തന്നെ ടാക്സ് പ്രാക്ടീഷണർ ദിനവും സിൽവർ ജൂബിലി മഹാമഹവും ഒന്നിച്ചു നടത്തണം. ദുഷ്ടശക്തികളുടെ ഒളിയമ്പുകളെ ഭയപ്പെടേണ്ട. സത്യം ജയിക്കും.

അഭിവാദനങ്ങളോടെ,

**കെ.എൻ. വത്സൻ**
**സംസ്ഥാന പ്രസിഡന്റ്**



# From The General Secretary's Corner

### ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാഘോഷം 2011

## കൂട്ടായ്മയുടേയും സ്നേഹത്തിന്റേയും വിജയം

പ്രിയ സുഹൃത്തെ,

നമ്മുടെ സംഘടനയുടെ സംസ്ഥാനതല ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാഘോഷവും കേന്ദ്ര സംസ്ഥാന ബഡ്ജറ്റ് സെമിനാറും വൻ വിജയമാക്കിത്തീർത്ത താങ്കളോട് സംഘടനയുടെ അഭിവാദനങ്ങൾ അറിയിക്കട്ടെ.

ആൾ കേരള ഇൻകം ടാക്സ് ആന്റ് സെയിൽസ് ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷന്റെ കരുത്തു തെളിയിച്ച സമ്മേളനമായിരുന്നു 2011 മാർച്ച് 20ന് എറണാകുളം സെന്റ് ആൽബർട്ട് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് നടന്ന ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാഘോഷം. അംഗങ്ങളുടെ ഐക്യവും കൂട്ടായ്മയും പ്രവർത്തന പാടവവും വിളിച്ചോതിയ ഈ ഉത്സവത്തിന് സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.എൻ. വൽസൻ അവർകൾ അദ്ധ്യക്ഷത വഹിക്കുകയും, ബഹു. എറണാകുളം എം.എൽ.എ. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവർകൾ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. നമ്മുടെ അംഗങ്ങൾ സർക്കാരിന്റെ വിൽപ്പന നികുതി സമാഹരണത്തിൽ നടത്തുന്ന പങ്കിനെ പ്രകീർത്തിക്കുകയും, ടാക്സ് പ്രാക്ടീഷണർമാരുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകണമെന്നും ഉദ്ഘാടനകർമ്മം നിർവ്വഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

അംഗങ്ങൾക്കേർപ്പെടുത്തിയ ഗ്രൂപ്പ് ഇൻഷ്വറൻസ്, ക്ഷേമപദ്ധതി, മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, മെമ്പർഷിപ്പ് കാർഡ് എന്നിവയുടെ ഉദ്ഘാടനവും തദവസരത്തിൽ നടന്നു. ചികിത്സാ ധനസഹായമായി 15,000 രൂപ ആലപ്പുഴ ജില്ലയിലെ അംഗമായ ശ്രീ. സജേഷ് പി.എസിന് യോഗത്തിൽവച്ച് കൈമാറുകയുണ്ടായി.

തുടർന്ന് നടന്ന കേന്ദ്ര - സംസ്ഥാന ബഡ്ജറ്റ് സെമിനാർ ബഹു. ഇൻകം ടാക്സ് ഓംബുഡ്സ്മാൻ, കേരള, ശ്രീ. കംലകാന്ത് ത്രിപാഠി ഐ.ആർ.എസ്. അവർകൾ ഉദ്ഘാടനം ചെയ്തു. 2011 - 12 വർഷത്തെ നികുതി കലണ്ടർ ടാക്സ് മെസഞ്ചർ അദ്ദേഹം പ്രകാശനം ചെയ്തു. സെമിനാറിൽ വിഷയം അവതരിപ്പിച്ചുകൊണ്ട് പ്രമുഖ ചാർട്ടേർഡ് അക്കൗണ്ടന്റായ ശ്രീ. പി. ജെ. ജോണി അവർകൾ സംസാരിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ സെമിനാറിൽ പങ്കെടുത്തവരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അദ്ദേഹം മറുപടി പറഞ്ഞു.

അന്നേദിവസം ഉച്ചയ്ക്ക് ശേഷം നടന്ന സംസ്ഥാന സ്പെഷ്യൽ ജനറൽ ബോഡിയിൽ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. എ.എം. രമേഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു. സംഘടനയുടെ പ്രവർത്തന റിപ്പോർട്ട് സംസ്ഥാന ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. വിവിധ ജില്ലകളിൽനിന്നുള്ള പ്രസിഡന്റുമാർ, സെക്രട്ടറിമാർ അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സംഘടനയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിലും ചിട്ടയോടും കൂടിയാണ് നടക്കുന്നതെന്നും അംഗങ്ങൾ പറഞ്ഞു. നേതൃത്വ

ത്തിലിരിക്കുന്ന ഭാരവാഹികളുടെ പ്രവർത്തനങ്ങളെ യോഗം അഭിനന്ദിച്ചു. സംഘടനയ്ക്കെതിരെ വരുന്ന എല്ലാത്തരം പ്രവർത്തനങ്ങളെയും ഒറ്റക്കെട്ടായി നിന്നുകൊണ്ട് നിയമപരമായും ജനാധിപത്യപരമായും നേരിടാൻ യോഗം തീരുമാനിച്ചു. യോഗത്തിൽ അവതരിപ്പിച്ച ബൈലോ ഭേദഗതികൾ ചർച്ചയ്ക്കുശേഷം പാസാക്കുകയുണ്ടായി. തുടർന്ന് നടന്ന സംസ്ഥാന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ നിലവിലുള്ള സംസ്ഥാന ഭാരവാഹികൾ തന്നെ തുടർന്നാൽ മതിയെന്ന് യോഗം ഐക്യകണ്ഠേന തീരുമാനിച്ചു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽനിന്നും വന്നുചേർന്ന അംഗങ്ങളുടെ സജീവ സാന്നിദ്ധ്യമാണ് സമ്മേളനത്തിന്റെ വൻ വിജയത്തിന് അടിസ്ഥാനം. കേരളത്തിലെ ടാക്സ് പ്രാക്ടീഷണർമാരുടെ 25 വർഷം പ്രവർത്തന പാരമ്പര്യമുള്ള ഏക സംഘടനയായ ആൾ കേരള ഇൻകം ടാക്സ് ആന്റ് സെയിൽസ് ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷനെ ശിഥിലമാക്കാൻ പാഴ്ശ്രമം നടത്തുന്നവർക്കുള്ള മറുപടിയാണ് ഈ സമ്മേളനത്തിന്റെ വൻ വിജയം.

ഈ പരിപാടിയുടെ വിജയത്തിന് പിന്നിൽ സംസ്ഥാന കമ്മിറ്റിയോടൊപ്പം ഒരു കൂട്ടം അംഗങ്ങളുടെ അശ്രാന്ത പരിശ്രമം ഉണ്ടായിരുന്നു. കെ.റ്റി.എൻ. എക്സിക്യൂട്ടീവ് എഡിറ്ററും പ്രോഗ്രാം കോ-ഓർഡിനേറ്ററുമായ ശ്രീ. പി.എ. ബാലകൃഷ്ണൻ, എറണാകുളം ജില്ലാ പ്രസിഡന്റ് ശ്രീ. ഇ.ജി. പരമേശ്വരൻ, എറണാകുളം ജില്ലാ സെക്രട്ടറി ശ്രീ. റോയി റിപ്പൺ, എറണാകുളം ജില്ലാ ട്രഷറർ ശ്രീ. ലിജോ വർഗ്ഗീസ്, ജില്ലാ ജോയിന്റ് സെക്രട്ടറി ജൂഡ് പോൾ, ജില്ലാ വൈസ് പ്രസിഡന്റ് ഷാജി ജോർജ്ജ് എന്നിവരുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ മുഴുവൻ പ്രവർത്തകരും ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലമാണ് ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാഘോഷ പരിപാടി ഒരു വലിയ ഉത്സവമാക്കി മാറ്റാൻ കഴിഞ്ഞത്. കൂടാതെ, ഇവർക്കൊക്കെ വഴികാട്ടിയായി ലീഗൽ അഡ്വൈസർമാരായ അഡ്വ: തോംസൺ റ്റി. ഇമ്മാനുവേൽ, അഡ്വ: ദേവാനന്ദ് നരസിംഹം, എന്നിവർ കൂടെയുണ്ടായിരുന്നു. സെന്റ് ആൽബർട്ട് കോളേജിലെ മികച്ച വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ അവാർഡുകൾ സ്പോൺസർ ചെയ്തത് എറണാകുളം ജില്ലയിലെ അംഗവും സംഘടനയുടെ സ്ഥാപക സെക്രട്ടറിയുമായ ശ്രീ. പി.എച്ച്. രത്നകുമാർ അവർകളാണ്. പ്രമുഖ ടാലി വിതരണക്കാരായ മാൻവിഷ് ഇൻഫോടെക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം ആയിരുന്നു ഈ പരിപാടിയുടെ മുഖ്യ പ്രായോജകർ. ഇവർക്കെല്ലാവർക്കും സംഘടനയുടെ നന്ദിയും കടപ്പാടും ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്.

കേരള ടാക്സ് ന്യൂസിന്റെ സബ്സ്ക്രിപ്ഷൻ കാലയളവിൽ ജനുവരി മുതൽ ഡിസംബർ വരെ എന്നത് ഏപ്രിൽ മുതൽ മാർച്ച് വരെ എന്ന് പുതുക്കി നിശ്ചയിച്ചിരിക്കുന്നു. അപ്രകാരം നിലവിൽ സബ്സ്ക്രിപ്ഷൻ നൽകിയിട്ടുള്ള എല്ലാ വരിക്കാർക്കും ഏപ്രിൽ 2011 മുതൽ മാർച്ച് 2012 വരെയുള്ള പന്ത്രണ്ട് മാസക്കാലത്തേക്ക് മാഗസിൻ ലഭ്യമാക്കുന്നതാണ്. ആയതിനാൽ എല്ലാ ജില്ലാ കമ്മിറ്റികളും 2011 ഏപ്രിൽ 30ന് മുമ്പായി പരമാവധി വരിക്കാരെ ചേർക്കുകയും കെ.റ്റി.എൻ. ലേയ്ക്ക് പരസ്യങ്ങൾ കണ്ടെത്തി അയച്ചുതരുവാനും ഞാൻ അഭ്യർത്ഥിക്കുന്നു.

ലോകമെമ്പാടും കോടിക്കണക്കിന് വരുന്ന ഇന്ത്യക്കാരുടെ ആഗ്രഹം സഫലീകരിച്ചുകൊണ്ട് ടീം ഇന്ത്യ ലോകകപ്പ് കിരീടത്തിൽ മുത്തമിട്ടിരിക്കുകയാണ്. ഏതുമേഖലയിലായാലും നമ്മുടെ രാജ്യത്തിന്റെ നേട്ടം നമ്മുടെ ഏവരുടേയും അഭിമാനമാണ്. ലോകത്തിന്റെ മുന്നിൽ നമ്മുടെ രാജ്യത്തിന്റെ യശസ്സ് ഉയർത്തിപ്പിടിച്ച ടീം ഇന്ത്യയുടെ ചുണക്കുട്ടികൾക്ക് സംഘടനയുടെ അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.

നമ്മുടെ സംഘടനയുടെ കെട്ടുറപ്പിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കാൻ എല്ലാ അംഗങ്ങൾക്കും കഴിയട്ടെ എന്നും എല്ലാവർക്കും നല്ലൊരു പുതിയ സാമ്പത്തിക വർഷം (2011 - 12) ആശംസിച്ചുകൊണ്ടും നിർത്തുന്നു.

സ്നേഹാദരങ്ങളോടെ,

**എം. ഉമ്മർ ഷെരീഫ്**

സംസ്ഥാന ജനറൽ സെക്രട്ടറി




പാപ്പാളി ഹാൾ (സെന്റ് ആൽബർട്സ് കോളേജ് ഓഡിറ്റോറിയം) 20.03.2011-ൽ സംസ്ഥാ നതല ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാഘോഷവും സംസ്ഥാന സ്പെഷ്യൽ ജനറൽ ബോഡിയും പാപ്പാളി ഹാളിൽ നടന്നു.



സംസ്ഥാനതല ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാ ഘോഷത്തിന് തുടക്കം കുറിച്ചു കൊണ്ട് അസോസി യേഷന്റെ പതാക സംസ്ഥാന പ്രസി ഡന്റ് കെ.എൻ. വത്സൻ ഉയർത്തു ന്നു.



ടാക്സ് പ്രാക്ടീഷ ണേഴ്സ് ദിനാഘോഷ സമ്മേളനത്തിൽ അസോസിയേഷന്റെ സംസ്ഥാന ജനറൽ സെക്രട്ടറി എം. ഉമ്മർ ഷെരീഫ് സ്വാഗതപ്രസംഗം നടത്തുന്നു.



സെന്റ് ആൽബർട്സ് കോളേജിലെ കൊമേഴ്സ് വിഭാഗം മികച്ച വിദ്യാർത്ഥികൾക്കുള്ള ബെസ്റ്റ് സ്റ്റുഡൻസ് അവാർഡ് ബഹു. എറണാകുളം എംഎൽഎ ഡൊമെനിക്ക് പ്രസന്റേഷൻ നൽകുന്നു.



സെന്റ് ആൽബർട്സ് കോളേജിലെ കൊമേഴ്സ് വിഭാഗം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കൾക്കുള്ള പുസ്തക വിതരണം ബഹു. എറണാകുളം എംഎൽഎ ഡൊമെനിക്ക് പ്രസന്റേഷൻ നിർവ്വഹിക്കുന്നു.




ടാക്സ് പ്രാക്ടീഷണേഴ്സ് ദിനാഘോഷത്തോട് അനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ കെ.എം. ജോൺ (സംസ്ഥാന പ്രസിഡന്റ്, കേരള മർച്ചന്റ്സ് യൂണിയൻ) ആശംസാ പ്രസംഗം നടത്തുന്നു.